പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4995 — 06.02.2014 ലെ മറുപടിയ്ക്ക്

**ടെക്നോളജി ഡവലപ്മെന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :**<br>**ശ്രീ. റ്റി. എൻ. പ്രതാപൻ :**<br>**ശ്രീ. വി. പി സജീന്ദ്രൻ:**<br>**ശ്രീ. പി. എ. മാധവൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ). സംസ്ഥാനത്ത് ടെക്നോളജി ഡവലപ്മെന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ടെക്നോളജി ഡവലപ്മെന്റ് ആന്റ് അഡാപ്റ്റേഷൻ പ്രോഗ്രാം (റ്റി.ഡി.എ.പി) നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 2012-13 മുതൽ പ്രവർത്തിച്ചു വരുന്നു. |
| (ബി). ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി)നൂതനവും ജനോപകാരപ്രദവുമായ സാങ്കേതിക വിദ്യകൾ/ ഉൽപ്പന്നങ്ങൾ വികസിപ്പിക്കു ന്നതിനും നിലവിലുള്ള വിദ്യകളുടെ ന്യൂനതകൾ പരിഹരിച്ച് അവയുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപാദനത്തിന് സാങ്കേതിക പിന്തുണയും, സാമ്പത്തിക സഹായവും നൽകുക എന്നീ ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് റ്റി.ഡി.എ.പി നടപ്പിലാക്കി വരുന്നത്. |
| (സി). ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നത് ; വിശദമാക്കുമോ; | (സി) നൂതനമായ സാങ്കേതിക വിദ്യ/ ഉൽപന്നം വികസിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം അപേക്ഷകന് നൽകുന്നതിന് അനുയോജ്യമായ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ഗവേഷണസ്ഥാപനങ്ങൾ/ എൻജിനീയറിംഗ് കോളേജുകൾ എന്നിവയെ കണ്ടെത്തി, അത്തരം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പ്രോഗ്രാം നടപ്പിലാക്കുന്നത്. |
| (ഡി) ഏതെല്ലാം മേഖലയിലുള്ളവരാണ് ഈ പ്രോഗ്രാമുമായി സഹകരിക്കുന്നത് ? | (ഡി) എൻജിനീയറിംഗിൽ ബിരുദം/ ഡിപ്ലോമയും നൂതന ആശയങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന വ്യക്തികൾക്കും, സർക്കാർ ഇതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ/ഗവേഷകർ എന്നിവർക്കും ഈ പ്രോഗ്രാമിൽ അപേക്ഷിക്കാം. പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ പ്രോഗ്രാം ഉപയോഗപ്പെടുത്തി സാങ്കേതിക വിദ്യ വികസിപ്പിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**